എൻ. ജി. ഒ. കാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികൾക്കും പെയിന്റിംഗിനും വേണ്ടി ചെലവഴിച്ച തുക

93. [1917] ശ്രീ. ഇ. ശങ്കരൻ :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96 വർഷത്തിൽ പൊതുമരാമത്ത് വകുപ്പിൽ സർക്കാർ വക എൻ. ജി. ഒ. കാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികൾക്കും പെയിന്റിംഗിനും വേണ്ടി എന്തു തുക വീതം ചെലവഴിച്ചു ; വിശദ വിവരം വ്യക്തമാക്കുമോ ;

(ബി) മെയിന്റനൻസ് വർക്കും എക്സ്റ്റൻഷൻ വർക്കും നടത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ ഗവൺമെന്റിന് ലഭിച്ചു, അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

അഴിമതിയാരോപണത്തിന്റെ പേരിൽ വിജിലൻസ് അന്വേഷണം

94. [1918] ശ്രീ. ടി. ചാത്തു :
,, എ. കണാരൻ :
ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് റോഡ്സ് വിഭാഗത്തിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന രഘുത്തമന്റെ പേരിലുള്ള വിജിലൻസ് അന്വേഷണം പൂർത്തിയായോ ;

(ബി) ഏതെല്ലാം ആരോപണങ്ങളുടെ പേരിലാണ് വിജിലൻസ് അന്വേഷണം നേരിടുന്നത് ?

ഉത്തരം

(എ) ശ്രീ. രഘുത്തമനെതിരെയുള്ള രണ്ട് വിജിലൻസ് അന്വേഷണങ്ങളും പൂർത്തിയായി.

(ബി) ശ്രീ. രഘുത്തമൻ സീനിയോറിറ്റി മറികടന്ന് ദുരുദ്ദേശ്യത്തോടെ കോൺട്രാക്ടർമാർക്ക് ബില്ലുകൾ മാറിക്കൊടുത്തു എന്ന ആരോപണവും അദ്ദേഹം അവിഹിതമായി സ്വത്തു സമ്പാദിച്ചു എന്ന ആരോപണവും അന്വേഷണവിധേയമായി.

LIBRARY ARCHIVES Kerala Legislative Assembly